**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മുന്നണിപ്പോരാളികൾക്ക് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായ ഡോക്ടർമാർക്കും നഴ്സുമാർക്കും സുരക്ഷ ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | കോവിഡ് 19 വ്യാപനത്തിന്റെ തുടക്കത്തിൽ തന്നെ മുഴുവൻ ആരോഗ്യപ്രവർത്തകർക്കും കോവിഡ് വരാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് കൃത്യമായ പരിശീലനം നൽകുകയും ഈ പരിശീലനത്തിനായി പോസ്റ്ററുകൾ, വീഡിയോ, പവർപോയിൻറ് അവതരണങ്ങൾ എന്നിവ തയ്യാറാക്കുകയും ഇവയെല്ലാം തന്നെ കേരള ആരോഗ്യ ഓൺലൈൻ യുട്യൂബ് ചാനൽ, ഔദ്യോഗിക വെബ്സൈറ്റ്, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം എന്നിവയിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനായി കേരള ഹെൽത്ത് ഓൺലൈൻ പരിശീലനം എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ തുടർപരിശീലനവും നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള പരിശീലനവും സാധനസാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. ആരോഗ്യപ്രവർത്തകർക്കാവശ്യമായ പി.പി.ഇ കിറ്റ്, എൻ 95 മാസ്ക് എന്നിവ ലഭ്യമാകുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്ക് നൽകുകയും അവയുടെ ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷന്റെ ആദ്യഘട്ടത്തിൽതന്നെ എല്ലാ ആരോഗ്യപ്രവർത്തകർക്കും വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാൻമന്ത്രി ഗരീബ് കല്യാൺ പാക്കേജ് പ്രകാരമുള്ള 50 ലക്ഷം രൂപയുടെ അപകട |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസിന്റെ പരിരക്ഷ കേരളത്തിലെ ആരോഗ്യപ്രവർത്തകർക്കും ലഭ്യമാണ്. |
| (ബി) | ഇവർക്ക് പ്രത്യേക അലവൻസ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | നാഷണൽ ഹെൽത്ത് മിഷനിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കോവിഡ് പ്രതിരോധത്തിനായി നാഷണൽ ഹെൽത്ത് മിഷന് കീഴിൽ കരാർ ദിവസ വേതന അടിസ്ഥാനത്തിലും താല്ക്കാലികമായി നിയമിക്കുന്നവർക്കും 2020 ആഗസ്റ്റിൽ 22.68 കോടി രൂപയുടെ അധിക ഇൻസെൻറീവും റിസ്ക് അലവൻസും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. 2020 സെപ്റ്റംബറിൽ 22.68 കോടി രൂപയും 2021 ഫെബ്രുവരിയിൽ 45.32 കോടി രൂപയും കോവിഡ് ബ്രിഗേഡ് പാക്കേജായി നാഷണൽ ഹെൽത്ത് മിഷന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്മേൽ 2020 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള അധിക ഇൻസെൻറീവും, റിസ്ക് അലവൻസും നാഷണൽ ഹെൽത്ത് മിഷനിലെയും കോവിഡ് ബ്രിഗേഡിലെയും എല്ലാ ജീവനക്കാർക്കും നൽകിയിട്ടുള്ളതുമാണ്. 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നല്കുന്നതിനായി 2021 മേയ് മാസത്തിൽ നാഷണൽ ഹെൽത്ത് മിഷന് 77.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ആരോഗ്യപ്രവർത്തകരെ ആവശ്യമുള്ള സാഹചര്യത്തിൽ എൻ.എച്ച്.എം. വഴി താല്ക്കാലികമായി നിയമിക്കപ്പെട്ട ആരോഗ്യപ്രവർത്തകർ ജോലി ഉപേക്ഷിച്ച് പോകുന്ന സാഹചര്യം തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | നാഷണൽ ഹെൽത്ത് മിഷനിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കോവിഡ് പ്രതിരോധത്തിനായി നാഷണൽ ഹെൽത്ത് മിഷന് കീഴിൽ കരാർ ദിവസ വേതന അടിസ്ഥാനത്തിലും താല്ക്കാലികമായി നിയമിക്കുന്നവർക്കും 2020 ആഗസ്റ്റിൽ 22.68 കോടി രൂപയുടെ അധിക ഇൻസെൻറീവും റിസ്ക് അലവൻസും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. 2020 സെപ്റ്റംബറിൽ 22.68 കോടി രൂപയും 2021 ഫെബ്രുവരിയിൽ 45.32 കോടി രൂപയും കോവിഡ് ബ്രിഗേഡ് പാക്കേജായി നാഷണൽ ഹെൽത്ത് മിഷന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്മേൽ 2020 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള അധിക ഇൻസെൻറീവും, റിസ്ക് അലവൻസും നാഷണൽ ഹെൽത്ത് മിഷനിലെയും കോവിഡ് ബ്രിഗേഡിലെയും എല്ലാ ജീവനക്കാർക്കും നൽകിയിട്ടുള്ളതുമാണ്. 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നല്കുന്നതിനായി 2021 മേയ് മാസത്തിൽ നാഷണൽ ഹെൽത്ത് മിഷന് 77.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ